# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## നഗര ജൈവവൈവിധ്യ സംരക്ഷണ പദ്ധതി – നഗരത്തിലെ കുളങ്ങളുടെ പുനരുജ്ജീവനം

## മാനദണ്ഡങ്ങൾ

**ആമുഖം**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ സംരക്ഷണത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് നഗരങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ നഗരങ്ങളിലെ കുളങ്ങളും മറ്റ് ജലാശയങ്ങളും സംരക്ഷിക്കുകയും ഈ പ്രദേശങ്ങളിലെ വികസനപ്രവർത്തനങ്ങൾക്ക് ഒരു പരിസ്ഥിതി സൗഹൃദ സ്വഭാവം പ്രദാനം ചെയ്യുകയും ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് വേണ്ടി രൂപപ്പെടുത്തിയതാണ് ഈ മാനദണ്ഡങ്ങൾ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനകീയ ജൈവവൈവിധ്യ സമിതികൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ പദ്ധതിയുമായി ബന്ധപ്പെട്ടു നിർവഹിക്കേണ്ട ചുമതലകളും ഈ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നു.

നഗരപ്രദേശങ്ങളിലെ ജലാശയങ്ങൾ വൻതോതിലുള്ള മലിനീകരണവും ശോഷണവും നേരിടുന്നുണ്ട്. ഇത് തടയുകയും ഒപ്പം പ്രാദേശിക സമൂഹത്തിന് ഗുണപ്പെടുംവിധം ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. കടലുകൾ സംഭരിക്കുന്നതിനു തുല്യം കാർബൺ കുളങ്ങളും സംഭരിക്കുന്നുണ്ട്. ഇവയുടെ കാർബൺ ആവാഹനതോത് മരങ്ങളുടെ കാർബൺ ആവാഹനശേഷിയുടെ 20 മുതൽ 50 ഇരട്ടിയാണ്. മാത്രമല്ല കുളങ്ങൾ ആ പ്രദേശത്തെ ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുകയും നീർപ്പക്ഷികൾ, ഉഭയജീവികൾ, ജലസസ്യങ്ങൾ തുടങ്ങി നിരവധി ജീവജാലങ്ങൾക്ക് ആവാസകേന്ദ്രമായി വർത്തിക്കുകയും ചെയ്യും.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ ഭൂഗർഭ ജലനിരപ്പ് വർദ്ധിപ്പിക്കുക.
2. ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുകവഴി അവയുടെ മലിനീകരണതോത് കുറയ്ക്കുക.
3. ജലാശയങ്ങളുമായി ബന്ധപ്പെട്ട സസ്യ-ജന്തു വൈവിധ്യം സംരക്ഷിക്കുക.
4. ജലാശയങ്ങൾക്ക് ചുറ്റുമുള്ള ഭാഗങ്ങളിൽ ഔഷധസസ്യങ്ങളും പൂച്ചെടികളും മരങ്ങളും കുറ്റിച്ചെടികളും മറ്റും വച്ച് പിടിപ്പിച്ച് അവിടം ഒരു പച്ചത്തുരുത്തായി മാറ്റുക.
5. ജലാശയങ്ങളെ പ്രകൃതിസൗന്ദര്യത്തിന്റെ മാതൃകകളാക്കി മാറ്റുകവഴി പ്രാദേശിക സമൂഹത്തിന്റെ സാമൂഹ്യ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും മാനസികോല്ലാസം പ്രദാനം ചെയ്യുന്നതിനുമുള്ള ഉപാധികളാക്കുക.

**പദ്ധതിയ്ക്കായി കുളങ്ങൾ തെരഞ്ഞെടുക്കുന്ന നടപടിക്രമം**

ഇതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലും ബോർഡിന്റെ വെബ്സൈറ്റിലും വാർത്ത നൽകുന്നതാണ്.

**1. അർഹത**

- പുനരുജ്ജീവനം ആവശ്യമുള്ള എല്ലാ പൊതുകുളങ്ങൾക്കും പദ്ധതിയിലുൾപ്പെടാൻ അർഹതയുണ്ടായിരിക്കും.
- റസിഡൻസ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ / സംഘടനകൾ എന്നിവയ്ക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കാം.

**2. മുൻഗണന**

- വൻതോതിലുള്ള ശോഷണവും മലിനീകരണവും നേരിടുന്ന കുളങ്ങൾ
- കുടിവെള്ളത്തിന്റെ പ്രധാനപ്പെട്ട ഉറവിടമായിരുന്നതും, വലിയതോതിലുള്ള മലിനീകരണഫലമായി ഇപ്പോൾ ജലത്തിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടതുമായ കുളങ്ങൾ
- സമ്പുഷ്ടമായ ജൈവവൈവിധ്യം നിലനിന്നിരുന്നതും എന്നാൽ ഈ ജൈവവൈവിധ്യത്തിന് ഇപ്പോൾ വൻതോതിലുള്ള ശൈഥില്യം സംഭവിച്ചതുമായ കുളങ്ങൾ
- ഭൂമിയുടെ തെറ്റായ ഉപയോഗം, മണ്ണൊലിപ്പ് എന്നിവയുടെ ഫലമായി ലോഹ മാലിന്യങ്ങളും മറ്റും അടിഞ്ഞുകൂടുന്നതിലൂടെ അനിയന്ത്രിതമായ പായൽ വളർച്ച (Eutrophication) ഉള്ള കുളങ്ങൾ
- പ്രാദേശിക സമൂഹത്തിൽ നിന്നും കുളത്തിന്റെ പുനരുജ്ജീവനത്തിനുള്ള ആവശ്യകത വൻതോതിൽ ഉയർന്നുവരുന്ന സാഹചര്യം

**3. അപേക്ഷകളുടെ പരിശോധനയും അനുമതിയും**

- ബോർഡിലെ ഉദ്യോഗസ്ഥരുടെയും  മറ്റ് വിദഗ്ധരുടെയും സ്ഥലപരിശോധന
- അപേക്ഷകളുടെ മുൻഗണനയും വാസ്തവികതയെയും അടിസ്ഥാനമാക്കി ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി, പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ, സാങ്കേതിക വിദഗ്ധർ എന്നിവർ അടങ്ങിയ കമ്മിറ്റി അപേക്ഷകൾ തെരഞ്ഞെടുക്കും
- റസിഡൻഷ്യൽ അസോസിയേഷനുകളിലെ പ്രതിനിധികളും ജനപ്രതിനിധികളുമായി ചർച്ച നടത്തുന്നതിലൂടെ കുളത്തിന്റെ പുനരുജ്ജീവനം ഏറ്റെടുക്കാനുള്ള ശേഷിയും അത് നിർവഹിക്കാനുള്ള പ്രതിബദ്ധതയും അവർക്കുണ്ടോ എന്ന് നിർണയിക്കും
- വിദഗ്ധരുമായി കൂടിയാലോജിച്ച് പദ്ധതി നിർവഹണത്തിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ബോർഡ് അതിന് ഔദ്യോഗിക അനുമതി നൽകും
- പദ്ധതി നിർവഹണത്തിനുള്ള സാങ്കേതിക ഉപദേശങ്ങൾ ബോർഡ് നൽകുന്നതാണ്.
- പദ്ധതിയുടെ മേൽനോട്ടം ജനകീയ ജൈവവൈവിധ്യ പരിപാലന സമിതികളിലും പ്രാദേശിക ഭരണകൂടത്തിലും നിക്ഷിപ്തമായിരിക്കും

**4. ധനസഹായത്തിന്റെ തോത്**

- കുളങ്ങളുടെ പുനരുജ്ജീവനത്തിനായി നൽകുന്ന ധനസഹായം ഒരു കുളത്തിന് പരമാവധി 3 ലക്ഷം രൂപ എന്ന തോതിൽ ഒറ്റത്തവണ ഗ്രാന്റായി പരിമിതിപ്പെടുത്തുന്നതാണ്.

**5. ഉടമ്പടി**

- ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഒന്നാം കക്ഷിയായും റസിഡൻസ് അസോസിയേഷൻ /എൻ.ജി.ഒ./സ്ഥാപനം എന്നിവയുടെ സെക്രട്ടറി/ പ്രസിഡന്റ് രണ്ടാം കക്ഷിയായും ഉടമ്പടി ഒപ്പിടേണ്ടതാണ്.

**6. ധനസഹായ വിതരണം**

- ഉടമ്പടി ഒപ്പിട്ട ശേഷം ധനസഹായം വിതരണം ചെയ്യും
- രണ്ടാം കക്ഷിക്ക് അദ്ദേഹം പ്രതിനിധീകരിക്കുന്ന സംഘടനയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും ഇല്ലാത്ത പക്ഷം പുതുതായി അക്കൗണ്ട് ആരംഭിച്ച് അക്കൗണ്ട് നമ്പർ ഒന്നാം കക്ഷിക്ക് നൽകേണ്ടതുമാണ്
- ആകെ അനുവദിച്ച ധനസഹായത്തിന്റെ 80 ശതമാനം, ഉടമ്പടി ഒപ്പിട്ട ഉടനെ റസിഡൻസ് അസോസിയേഷൻ /എൻ.ജി.ഒ./സ്ഥാപനം എന്നിവയുടെ പ്രതിനിധിക്ക് നൽകുന്നതായിരിക്കും
- രണ്ടാം ഗഡു (20 ശതമാനം) പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നൽകും. ഇതിൽ 10 ശതമാനം വാർഷിക അറ്റകുറ്റപ്പണികൾക്കായി മാറ്റിവയ്ക്കേണ്ടതാണ്.

**7. പദ്ധതി നിർവഹണം**

- പദ്ധതി നിർവഹണത്തിന്റെ ഉത്തരവാദിത്തം പൂർണമായും റസിഡൻസ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ / സംഘടനകൾ എന്നിവയിൽ നിക്ഷിപ്തമായിരിക്കും
- സാങ്കേതിക ഉപദേശങ്ങൾ ബോർഡ് നൽകുന്നതാണ്
- കുളത്തിന്റെ തുടർന്നുള്ള സംരക്ഷണം, ശുചിയാക്കൽ അവയിലെ ജീവജാലങ്ങളുടെ സംരക്ഷണം തുടങ്ങിയവ റസിഡൻസ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ / സംഘടനകൾ എന്നിവയുടെ ചുമതലയായിരിക്കും
- ജലാശയങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്ന ബോർഡുകൾ കുളത്തിനു ചുറ്റും കെ.എസ്.ബി.ബി. നിർദ്ദേശിക്കും പ്രകാരം പ്രദർശിപ്പിക്കേണ്ടതാണ്.

**8. കുളങ്ങളുടെ പുനരുജ്ജീവനത്തിന്റെ പ്രവർത്തനക്രമം**

എ. വെള്ളത്തിന്റെ പരിപാലനവും മലിനീകരണ നിയന്ത്രണവും

- ജലാശയത്തിലെ പ്ലാസ്റ്റിക്, മലിനവസ്തുക്കൾ, മലിനജലം, ചെളി, കളസസ്യങ്ങൾ എന്നിവ മാറ്റി കുളം വൃത്തിയാക്കുക
- ലഭ്യമായ സ്ഥലത്തിനും സംവിധാനങ്ങൾക്കും അനുസൃതമായി ഖരമാലിന്യത്തിന്റെ സംസ്ക്കരണം നിർവഹിക്കുക

ബി. ജൈവവൈവിധ്യ സംരക്ഷണം

- ജലസസ്യങ്ങൾ: കുളത്തിന്റെ പാരിസ്ഥിതിക സാഹചര്യത്തിനനുസരണമായി താമര, ആമ്പൽ തുടങ്ങിയ ജലസസ്യങ്ങൾ മൺചട്ടികളിൽ വളർത്തി താഴ്ത്തി വയ്ക്കുകയോ, നേരിട്ട് ചെളിയിൽ വച്ചുപിടിപ്പിക്കുകയോ ചെയ്യാം.

- നാടൻ മത്സ്യക്കുഞ്ഞുങ്ങളെ കുളങ്ങളുടെ പാരിസ്ഥിതിക ഘടനയനുസരിച്ച് നിക്ഷേപിക്കാവുന്നതാണ്. എന്നാൽ അധിനിവേശ മത്സ്യങ്ങളെ യാതൊരു കാരണവശാലും ഈ കുളങ്ങളിൽ നിക്ഷേപിക്കരുത്.

- അശോകം, തുളസി, വേപ്പ്, ആടലോടകം, നൊച്ചി തുടങ്ങിയ ഔഷധസസ്യങ്ങൾ കുളത്തിന്റെ തീരങ്ങളിലും സമീപത്തും നട്ടു പിടിപ്പിക്കുക.

- തവളകൾ, മറ്റ് ജലസസ്യങ്ങൾ എന്നിവയുടെ സാന്നിദ്ധ്യം ഉറപ്പാക്കി ഇവിടത്തെ ആവാസവ്യവസ്ഥക്ക് പൂർണത ഉറപ്പാക്കുക.

- സ്ഥലലഭ്യതയ്ക്കനുസരിച്ച് തറയിലോ ചട്ടികളിലോ പൂച്ചെടികൾ വച്ച് ചുറ്റുപാടും വർണാഭമാക്കുക.

- സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം, ബയോഗ്യാസ് തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദന സംവിധാനങ്ങൾ ഈ പ്രദേശങ്ങളിൽ സ്ഥാപിക്കുക.

**9. സംരക്ഷണ നടപടികൾ**

- കുളങ്ങളുടെ തീരങ്ങളിൽ രാമച്ചം, കൈത തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് ഒരു ജൈവവേലി നിർമ്മിക്കുന്നത് നല്ലതായിരിക്കും

- അധിനിവേശ സസ്യങ്ങളെ ജൈവനിയന്ത്രണോപാധികളുടെ സഹായത്താൽ നിയന്ത്രിക്കുക

- ജലത്തിലെ കളസസ്യങ്ങളെ സസ്യഭോജികളായ മത്സ്യങ്ങളെ ഉപയോഗിച്ച് നിയന്ത്രിക്കുക

**10. അക്കൗണ്ടിങ്ങ്**

- പദ്ധതി 45 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ മുഴുവൻ തുകയും പിഴപ്പലിശ സഹിതം ജൈവവൈവിധ്യ ബോർഡിൽ തിരിച്ചടക്കേണ്ട ഉത്തരവാദിത്വം റസിഡൻസ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ / സംഘടനകൾ എന്നിവയുടെ പ്രസിഡന്റ്/ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

- പദ്ധതി തീരുന്ന മുറയ്ക്ക് ഒരു വിദഗ്ധ സമിതി അത് പരിശോധിച്ച് പൂർണത സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

- ഈ പൂർണതാ സർട്ടിഫിക്കറ്റിനൊപ്പം ചെലവാക്കിയ തുകയുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെന്റിച്ചർ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ റസിഡൻസ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ / സംഘടനകൾ എന്നിവയുടെ പ്രസിഡന്റ്/ സെക്രട്ടറി സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ സമർപ്പിച്ച് ബാക്കി തുക കൈപ്പറ്റേണ്ടതാണ്.

**11. പദ്ധതിയുടെ മേൽനോട്ടവും മൂല്യനിർണ്ണയവും**

- ഈ കുളങ്ങളുടെ കാലാകാലങ്ങളിലുള്ള ശുചീകരണവും പരിപാലനവും നിർവഹിക്കാനുള്ള ചുമതല റസിഡൻസ് അസോസിയേഷനെയും അടുത്തുള്ള വിദ്യാലയങ്ങളിലെ

ബയോഡൈവേഴ്സിറ്റി ക്ലബ്ബ്/ എക്കോ ക്ലബ്ബ്/ നാഷനൽ ഗ്രീൻ ക്രോപ്പ്സ് എന്നിവയെയും ഏൽപ്പിക്കാവുന്നതാണ്.

- ഈ പദ്ധതിയുടെ മേൽനോട്ടത്തിന്റെ ചുമതല ജൈവവൈവിധ്യ പരിപാലന സമിതിക്കും പ്രാദേശിക ഭരണകൂടങ്ങൾക്കുമായിരിക്കും.

**12. പദ്ധതിയിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ**

- കൂടുതൽ പച്ചപ്പ് / ജലാശയ ആവാസ വ്യവസ്ഥ
- മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാക്കുന്ന നശീകരണം കുറയും
- മഴവെള്ളം കൂടുതലായി മണ്ണിലിറങ്ങി ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കും
- ജലാശയ മലിനീകരണം കുറയും
- മലിനജലമുണ്ടാക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് കുറവുണ്ടാക്കാൻ കഴിയും
- ജലപരിപാലത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധവും അറിവും ഉണ്ടാക്കാൻ സാധിക്കും

### അപേക്ഷാ മാതൃക

## ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | കുളത്തിന്റെ പേര് | |
| 2. | കുളത്തിന്റെ സ്ഥാനം | സ്ഥലനാമം :<br>സ്ഥലസൂചിക :<br>ജില്ല : |
| 3. | നിയപരമായ സ്ഥിതി | |
| 4. | ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ | |
| | വെള്ളം വ്യാപിച്ചിരിക്കുന്ന വിസ്തൃതി | |
| | ചുറ്റുമുള്ള വിസ്തൃതി | |
| | ആകെ വിസ്തൃതി | |
| 5. | പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏജൻസിയുടെ അഡ്രസ്സ്, ഫോൺ നമ്പർ | |
| 6. | സ്ഥലത്തിന്റെ ചരിവ് | |
| 7. | പാരിസ്ഥിതിക സവിശേഷതകൾ | |
| | പാരിസ്ഥിതിക ഭീഷണികൾ | |
| | ജൈവവവൈവിധ്യം | |
| | പ്രാദേശിക സമൂഹത്തിനുണ്ടാകുന്ന ഗുണം | |
| 8. | നടപ്പിലാക്കിയ സംരക്ഷണ നടപടികൾ | |
| 9. | ഇനി നടപ്പിലാക്കേണ്ട സംരക്ഷണ നടപടി കൾ | |
| 10. | പ്രസക്തമായ മറ്റ് വിവരങ്ങൾ | |
| 11. | പദ്ധതിയുടെ ആകെ ചെലവ് | |
| 12. | നടപ്പു സാമ്പത്തിക വർഷം വേണ്ട സാമ്പ ത്തിക സഹായം (രൂപ ലക്ഷത്തിൽ) | |
| 13. | പദ്ധതിയിൽ നിന്നു പ്രതീക്ഷിക്കുന്ന നേട്ട ങ്ങൾ | |

ഒപ്പ്

തീയതി                    സീൽ                    പ്രസിഡന്റ്/ സെക്രട്ടറി